ഇതുകൂടാതെ ജനകീയാസൂത്രണ പദ്ധതിയിൻ കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപങ്ങളും അതത് പ്രദേശത്തെ ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകി വരുന്നുണ്ട്.

(ബി) ചില സന്ദർഭങ്ങളിൽ അത്യാവശ്യ മരുന്നുകൾക്ക് ആശുപത്രികളിൽ ദൗർലഭ്യം ഉണ്ടാകാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ ലോക്കൽ പർച്ചേസ്, എമർജൻസി പർച്ചേസ് എന്നിവ വഴി അത്യാവശ്യ മരുന്നുകൾ വാങ്ങി രോഗികൾക്ക് നൽകി അവരുടെ ബുദ്ധിമുട്ട് കഴിയുന്നതും കുറയ്ക്കാൻ ശ്രമിക്കാറുണ്ട്.

(സി) എല്ലാ രോഗികൾക്കും ചികിത്സയ്ക്കാവശ്യമായ സാധനങ്ങളും എല്ലാ ആശുപത്രികളിലും എല്ലായ്പ്പോഴും ലഭ്യമാക്കാൻ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക തികയാറില്ല. അതുകൊണ്ട് മുൻഗണനാക്രമത്തിൽ അത്യാവശ്യ സാധനങ്ങളും മരുന്നുകളും വാങ്ങാൻ ലഭ്യമായ പണം വിനിയോഗിക്കുന്നു. ഇതുമൂലം ചില സന്ദർഭങ്ങളിൽ ചില രോഗികൾക്ക് തങ്ങൾക്കാവശ്യമായ സാധനങ്ങൾ പുറത്തു നിന്ന് വാങ്ങിക്കേണ്ടി വരാറുണ്ട്.

(ഡി) മരുന്നുകളും മറ്റ് സാധനങ്ങളും സി.പി.സി. നേരിട്ട് ഇത് ഉൽപ്പാദിപ്പിക്കുന്ന കമ്പനികളിൽ നിന്നു വാങ്ങുന്നു. ഇത് തികയാതെ വരുമ്പോൾ ടെൻണ്ടർ വിളിച്ചും ലോക്കൽ പർച്ചേസ് വഴിയും സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് നേരിട്ടും വാങ്ങുന്നു.

(ഇ) സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകളും മറ്റ് സാധനങ്ങളും സി.പി.സി. മുഖാന്തിരമാണ് വാങ്ങുന്നത്. ഓരോ വർഷവും ആശുപത്രികൾക്കാവശ്യമായ സാധനങ്ങളുടെ വാർഷിക ഇൻഡന്റ് തയ്യാറാക്കുകയും സി.പി.സി. അംഗീകരിച്ചിട്ടുള്ള കമ്പനിയിൽ നിന്ന് വിലകൾ ശേഖരിച്ച് ആയത് മാർക്കറ്റ് വിലയുമായി താരതമ്യം ചെയ്ത് ഗുണനിലവാരം ഉറപ്പു വരുത്തിയ ശേഷം വീണ്ടും കമ്പനിയുമായി വിലപേശൽ നടത്തി കുറഞ്ഞവിലയ്ക്ക് വിലകൾ ഉറപ്പിക്കുന്നു. അതിനുശേഷം ഡി.എം.ഒ. മാർ വാർഷിക ഇൻഡന്റ് അനുസരിച്ച് ആവശ്യമുള്ള മരുന്നുകൾ കമ്പനികൾക്ക് നേരിട്ട് ഓർഡർ നൽകുന്നു.

(എഫ്) മരുന്ന് വിതരണം കാര്യക്ഷമമായി നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

6 (*156) അന്തർ സംസ്ഥാന നദീജലത്തർക്കങ്ങൾ

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. ബാബു :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർ സംസ്ഥാന നദീജല തർക്കങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഇന്ന് നിലവിലുള്ള സംവിധാനം സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുതകുന്ന വിധത്തിൽ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി) ഉണ്ട്. അന്തർ സംസ്ഥാന നദീജല കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനം നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിന്റെ ഭാഗമായി ഇപ്പോൾ സെക്രട്ടേറിയറ്റിൽ അന്തർ സംസ്ഥാന നദീജലകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ജലസേചന(അന്തർ സംസ്ഥാന ജല) വകുപ്പുതലത്തിൽ ഒരു അണ്ടർ സെക്രട്ടറി, സെക്ഷൻ ആഫീസർ, രണ്ട് അസിസ്റ്റന്റുമാർ, ഒരു കമ്പ്യൂട്ടർ ഓപ്പറേറ്റർ, ടൈപ്പിസ്റ്റ്, പ്യൂൺ എന്നീ തസ്തികകളും അന്തർസംസ്ഥാന ജലം സംബന്ധിച്ച കാര്യങ്ങൾക്കുള്ള ചീഫ് എൻജീനിയറുടെ തിരുവനന്തപുരത്തെ ആഫീസിൽ രണ്ട് അസിസ്റ്റന്റ് എൻജിനീയർ തസ്തികകളും, ഡൽഹി ആഫീസിൽ രണ്ട് അസിസ്റ്റന്റ് എൻജിനീയർ തസ്തികകളും സൃഷ്ടിക്കാൻ തീരുമാനമായിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ അന്തർസംസ്ഥാന ജല വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കാനും ആധുനിക വാർത്താവിനിമയ സംവിധാനങ്ങൾ സ്ഥാപിക്കാനും അവ ചീഫ് എൻജീനിയറുടെ ആഫീസുമായി ബന്ധിപ്പിക്കുവാനും ഉദ്ദേശമുണ്ട്. ഇതിന്റെ മുന്നോടിയായി ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടർ ട്രെയിനിംഗ് നൽകിക്കഴിഞ്ഞു. ഈ സംവിധാനം നിലവിൽ വരുന്നതോടെ അന്തർസംസ്ഥാന നദീജലം സംബന്ധിച്ച എല്ലാ വിവരങ്ങളും, ഡാം സുരക്ഷ സംബന്ധിച്ച കാര്യങ്ങളും കൃത്യമായി സംഭരിക്കാനും മോണിട്ടർ ചെയ്യാനും സംസ്ഥാനത്തിന് കഴിയും.

ഇതിനെല്ലാം പുറമെ അന്തർ സംസ്ഥാന നദീജല കാര്യങ്ങൾക്കായി മാത്രം ഒരു അഡ്വൈസറേയും നിയമിച്ചു കഴിഞ്ഞു.

7 (*157) സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര സഹായം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. പി. രാജു :
ശ്രീ. എ. കണാരൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പദ്ധതികൾക്കാവശ്യമായ കേന്ദ്രസഹായം വകയിരുത്തുന്നതിന് കേന്ദ്രം സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ മാനദണ്ഡങ്ങൾ മാറ്റുന്നതിന് ആസൂത്രണ കമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ ശുപാർശകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ പ്രതികരണം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ഇ) നിലവിലുള്ള രീതിയിൽ മാറ്റം വരുത്തുന്നതിനു മുമ്പ് സംസ്ഥാനങ്ങളുമായി ചർച്ച നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly